LBRD-C4/59/2026-LBRD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ജീവനക്കാര്യം-കുറുമാത്തൂർ ഐ.ടി.ഐയിലെ വാച്ച്മാൻ ആയ ശ്രീ.സജീഷ്.ആറിന് അനുവദിച്ച ശൂന്യവേതനാവധിയിൽ ടിയാൾ ഉപയുക്തമാക്കാത്ത ശൂന്യവേതനാവധി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.550/2026/LBR തീയതി,തിരുവനന്തപുരം, 04-04-2026

---

പരാമർശം:-

1. സ.ഉ(സാധാ)നം. 515/2024/LBR, തീയതി 18/04/2024
2. കുറുമാത്തൂർ ഐ.ടി.ഐയിലെ വാച്ച്മാൻ ആയ ശ്രീ.സജീഷ്.ആർ സമർപ്പിച്ച 20/09/2025 തീയതിയിലെ അവധി അപേക്ഷ
3. ട്രെയിനിംഗ് ഡയറക്ടറുടെ 27/01/2026 തീയതിയിലെ DT/5071/2025/A7 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലെ കുറുമാത്തൂർ ഐ.ടി.ഐയിലെ വാച്ച്മാൻ ആയ ശ്രീ.സജീഷ്.ആറിന് പരാമർശം-1-ലെ ഉത്തരവ് പ്രകാരം പഠനാവശ്യത്തിനായി 12/09/2023 മുതൽ 31/07/2025 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു.

2) എന്നാൽ ട്രെയിനിംഗ് പൂർത്തിയായതിനാൽ 07/07/2025-ന് ടിയാനെ തിരികെ സേവനത്തിൽ പ്രവേശിപ്പിച്ചു. ടിയാൾ പ്രയോജനപ്പെടുത്താത്ത 07/07/2025 മുതൽ 31/07/2025 വരെയുള്ള ശൂന്യവേതനാവധി റദ്ദ് ചെയ്യുന്നതിനായി പരാമർശം-3ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലെ കുറുമാത്തൂർ ഐ.ടി.ഐയിലെ വാച്ച്മാൻ ആയ ശ്രീ.സജീഷ്.ആറിന് പരാമർശം-1-ലെ ഉത്തരവ് പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയിൽ ടിയാൾ ഉപയുക്തമാക്കാത്ത 07/07/2025 മുതൽ 31/07/2025 വരെയുള്ള ശൂന്യവേതനാവധി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.സജീഷ്.ആർ, വാച്ച്മാൻ, ഐ.ടി.ഐ, കുറുമാത്തൂർ (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (06/03/2026-ലെ 2710728/LBR-1/45/2024-FIN നമ്പർ നോട്ട് പ്രകാരം).
വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 04-04-2026 16:18:36
സെക്ഷൻ ഓഫീസർ